**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1193 | 5/03/2020- ൽ മറുപടിയ്ക്ക് |

**<u>പുഴക്കാട്ടിരി ഐ.ടി.ഐ.യ്ക്ക് അനുവദിച്ച ഭൂമി കൈമാറൽ</u>**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിച്ച ഭൂമി കൈമാറി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സർക്കാർ ഉത്തരവ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഭൂമി കൈമാറുന്ന നടപടികളിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | എ)<br>&<br>ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ കർക്കിടകം ദേശം സർവ്വെ 48/1, 48/12 എന്നിവയിൽപ്പെട്ട 3.82 ഏക്കറിൽ നിന്നും 1.07 ഏക്കർ സ്ഥലം പുഴക്കാട്ടിരി ഐ.ടി.ഐ നിർമ്മാണത്തിനായി റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ളതും പ്രസ്തുത സ്ഥലം സബ് ഡിവിഷൻ ചെയ്ത് രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിന് വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വെയർ എന്നിവരെ ഉൾപ്പെടുത്തി ടീമിനെ നിയോഗിച്ചിട്ടുള്ളതും പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൈമാറ്റം ചെയ്യുന്ന ഭൂമി സബ് ഡിവിഷൻ ചെയ്യുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലമാണ് ഭൂമി കൈമാറി നൽകുന്നതിൽ കാലതാമസം നേരിട്ടത്. |
| (സി) സ്ഥലം കൈമാറ്റം ചെയ്യുന്ന നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | സി) | ഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ സത്വര നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**